വിനീത്, രാധാകൃഷ്ണൻ, പൊന്നമ്പിളി അരവിന്ദ്, ഗായത്രി ഗോപിനാഥ് എന്നീ വിദ്യാർത്ഥികളാണ് പങ്കെടുത്തത്.

ലോകമലയാള സമ്മേളനത്തിന് വിദേശ സഹായം

528. [722] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോകമലയാള സമ്മേളനം ബർളിനിൽ നടത്തിയതിന് ഏതെങ്കിലും വിദേശ സർക്കാരിൽ നിന്നോ ഏജൻസികളിൽ നിന്നോ ധനസഹായം ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം വിദേശരാജ്യങ്ങളിൽ/ഏജൻസികളിൽ നിന്ന് എത്ര തുക വീതം ലഭിച്ചു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കേരള സർക്കാരിന് ധനസഹായം ഒന്നും ലഭിച്ചിട്ടില്ല.

(ബി) ഉദിക്കുന്നില്ല.

പ്രീഡിഗ്രി ബോർഡ് സമരത്തോടനുബന്ധിച്ച് ഏർപ്പെടുത്തിയ ബദൽ സംവിധാനം

529. [724] ശ്രീ. വി. ജെ. തങ്കപ്പൻ :

,, വർക്കല രാധാകൃഷ്ണൻ :

,, വി. കേശവൻ :

,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ :

,, ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രീഡിഗ്രി ബോർഡ് വിരുദ്ധസമരത്തെ നേരിടാൻ ഗവൺമെന്റ് ബദൽ സംവിധാനം എന്തെങ്കിലും ഏർപ്പെടുത്തിയിരുന്നോ ;

(ബി) എങ്കിൽ എന്താണെന്നു വെളിപ്പെടുത്തുമോ ;

(സി) ഇതിനുവേണ്ടി എന്തുതുക ചെലവായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പ്രീഡിഗ്രി പരീക്ഷാഫലം പ്രസിദ്ധപ്പെടുത്തുവാനായി സർവകലാശാലകൾ ബദൽ സംവിധാനം ഏർപ്പെടുത്തിയിരുന്നു.

(ബി) സമരത്തിൽ പങ്കെടുക്കാതിരുന്ന ജീവനക്കാരെക്കൊണ്ട് അധിക ജോലി ചെയ്യിച്ചും താൽക്കാലിക ജീവനക്കാരെ നിയമിച്ചും പ്രീഡിഗ്രി പരീക്ഷാഫലം പ്രസിദ്ധപ്പെടുത്തുവാനുള്ള പണികൾ നടത്തി.

(സി) കേരള സർവകലാശാലയ്ക്ക് 16.50 ലക്ഷം രൂപയും ഗാന്ധിജി സർവകലാശാലയ്ക്ക് 22,315 രൂപയും കോഴിക്കോട് സർവകലാശാലയ്ക്ക് 3,67,500 രൂപയും ചെലവായി.

LIBRARY ARCHIVES Kerala Legislative Assembly